നടത്താൻ കഴിയും. അതുകൊണ്ട് കൃഷിയെ സംബന്ധിച്ചും ശുദ്ധ ജലവിതരണത്തെ സംബന്ധിച്ചുമുള്ള ആശങ്കകൾ ആവശ്യമില്ല. ഉൽക്കണ്ഠയുടെയും ആവശ്യമില്ല. കുറെ ബുദ്ധിമുട്ടുകൾ ഇതിന്റെ ഫലമായി ഉണ്ടായിട്ടുണ്ട് എന്നു മാത്രമെയുള്ളൂ. അതോടൊപ്പംതന്നെ ഈ ബണ്ട് പെർമനന്റായി ഉറപ്പിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സമാന്തരമായി സ്വീകരിക്കുന്നതാണ് എന്ന് സഭയെ അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(12) മൂലമറ്റം കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷന്റെ പരാധീനതകൾ

ശ്രീ. ജോസ് കുറ്റിയാനി: സർ, ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട മൂലമറ്റം കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷന്റെ പരാധീനതകളെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഹൈറേഞ്ചു പ്രദേശത്തുള്ള ആളുകളുടെ യാത്രാ സൗകര്യം പ്രധാനമായും നിർവ്വഹിക്കുന്നതിനെ ഉദ്ദേശിച്ചാണ് യശശ്ശരീരനായ കെ. എം. ജോർജ്ജ് ട്രാൻസ്പോർട്ടുവകുപ്പു മന്ത്രിയായിരുന്ന കാലത്ത് 1969-ൽ അതിന്റെ പ്രവർത്തനം ആരംഭിച്ചത്. അവിടെ നിന്നും 13 ഷെഡ്യൂളുകൾ വരെ ഓടിക്കൊണ്ടിരുന്നതാണ്. ശ്രീ. കെ. കെ. ബാലകൃഷ്ണൻ ട്രാൻസ്പോർട്ടു വകുപ്പു മന്ത്രിയായിരുന്ന കാലത്തു ഈ സബ് സ്റ്റേഷൻ സബ് ഡിപ്പോയായി മാറ്റാനുള്ള തീരുമാനം എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽനിന്നും. പോരാതെയുള്ള സ്ഥലം വിട്ടുതരുന്നതിനു തീരുമാനമെടുക്കുകയും ചെയ്തു. അതിനുശേഷം രണ്ടു പുതിയ ഷെഡ്യൂളുകൾ കൂടി ഈ തങ്കമണിയിലേക്കും കമ്പിളിഘട്ടത്തിലേക്കും ആരംഭിച്ചതാണ്. നിർഭാഗ്യവശാൽ സമീപകാലത്തു കെ. എസ്. ആർ. ടി. സി. യിലെ ഉന്നതൻമാരായ ചില ആളുകൾ ആ ബസ് സർവ്വീസുകളുടെ എണ്ണം കുറച്ചു. 8 ഷെഡ്യൂളുകളാക്കിത്തീർത്തു. അതിന്റെ ഫലമായി ആ പ്രദേശത്തുള്ള ആളുകൾക്ക് യാത്രാരംഗത്ത് വളരെയേറെ ക്ലേശങ്ങളും കഷ്ടപ്പാടുകളും സഹിക്കേണ്ടി വന്നു. നമ്മുടെ ബഹുമാന്യനായ പി. കെ. വേലായുധൻ ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിയായതിനുശേഷം രണ്ടു പുതിയ സർവ്വീസുകൾ കൂടി തങ്കമണിയിലുണ്ടായ ദുഃഖകരമായ സ്ഥിതിവിശേഷം അഭിമുഖീകരിക്കുന്നതിന് സഹായകരമായ രീതിയിൽ സർവ്വീസ് ആരംഭിക്കാൻ ഏർപ്പാടു ചെയ്തു. ആ ബസ് സർവ്വീസിൽ 1,400 രൂപയോളം കളക്ഷൻ ഉയർന്നപ്പോൾ തങ്കമണിയിലെ ഒരു ബസ് സർവ്വീസ് ബന്ധപ്പെട്ട ആളുകൾ പിൻവലിച്ചതായിട്ടാണ് അറിയുന്നത്. ഇപ്പോൾ അതിൽ ഒരു ബസ് ഓടുന്നില്ല. ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടുന്ന നമ്മുടെ കെ.എസ്.ആർ.ടി.സി. യിലെ ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചുകൊണ്ടിരുന്നതാണ് ആ സബ് സ്റ്റേഷൻ. പ്രൈവറ്റു ബസ് ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഉത്തരവാദപ്പെട്ട ആ പ്രദേശത്തു പ്രവർത്തിക്കുന്ന ആളുകളുടെ പ്രവർത്തന ഫലമായി നഷ്ടത്തിൽ ഓടിക്കാനുള്ള സ്ഥിതിവിശേഷമുണ്ടായി. അതിന്റെ ഫലമായിട്ടാണ് ഷെഡ്യൂൾ വെട്ടിക്കുറച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. സർ, ആ പ്രദേശത്ത് ഏറ്റവും ലാഭകരമായി പ്രവർത്തിക്കാവുന്ന ട്രാൻസ്പോർട്ടു ഓപ്പറേറ്റിംഗ് സെന്ററാണത്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മേൽനോട്ടം വഹിക്കുന്നതിനാവശ്യമായ ചാർജുമാനോ മെക്കാനിസ്റ്റോ ഇല്ലാത്തതിന്റെ ഫലമായി ഉള്ള ബസ്സുകളും പോലും ഓടാത്ത കണ്ടീഷനിൽ ഗ്യാരേജിൽ കൂട്ടിയിട്ടിരിക്കുകയാണ്. അതുകൊണ്ട് ആ ഗ്യാരേജിന്റെ ബുദ്ധിമുട്ടുകളും പരിഹരിക്കാനാവശ്യമായ നടപടികളും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സ്വീകരിക്കണം. ഇങ്ങനെ ഓടുന്ന സർവ്വീസ്സുകളെ സമയം കൃത്യമായി പാലിച്ചു ഓടുന്നതിനും ആവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കുന്നതിന് ഉത്തരവാദപ്പെട്ട ആളുകളെ അതിന്റെ ചാർജു വഹിക്കുന്നതിന് ഹൈറേഞ്ചിലേക്ക് നിയമിക്കാനുള്ള നടപടികളും കൂടി സ്വീകരിക്കണം. ഹൈറേഞ്ചു പ്രദേശത്തെ പീരുമേട് ഉടുമ്പൻചോല, ദേവികുളം എന്നീ താലൂക്കുകളിലെ ആളുകൾക്ക് പ്രയോജനകരമായി ഓടിക്കൊണ്ടിരുന്ന ആ ഓപ്പറേറ്റിംഗ് സെൻററിൽനിന്നുള്ള സർവ്വീസ് നല്ല നിലയിൽ ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണം. അതുപോലെ ഇൻറർസ്റ്റേറ്റു സർവ്വീസ് മൂലമറ്റം വേളാങ്കണ്ണിയായി അനുവദിച്ച ബസ് റൂട്ട്, ആ ബസ് റൂട്ടിന്റെ പെർമിറ്റു വ്യവസ്ഥകൾക്കു വിരുദ്ധമായി തൊടുപുഴയിൽ നിന്നും വേളാങ്കണ്ണിയിലേക്ക് ഓടിച്ചുകൊണ്ടിരിക്കുന്നത് മൂലമറ്റത്തേക്ക് എക്സ്റ്റൻറു ചെയ്തുതരാനുള്ള നടപടികളും കൂടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയോടു ആവശ്യപ്പെട്ടതിന്റെ ഫലമായി മൂലമറ്റം വേളാങ്കണ്ണി ബസ് ഓടിക്കാനുള്ള നടപടികളും സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകി. എങ്കിലും ഇതുവരെ ആ ബസ് സർവ്വീസ് മൂലമറ്റത്തേക്കു എക്സ്റ്റൻറു ചെയ്തിട്ടില്ല. അതു എക്സ്റ്റൻറു ചെയ്യാനുള്ള നടപടികളും കൂടി സ്വീകരിച്ച് ഹൈറേഞ്ചു പ്രദേശത്തുള്ള ആളുകളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികളും കൈക്കൊള്ളണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, മൂലമറ്റത്ത് പ്രവർത്തിക്കുന്ന കെ. എസ്. ആർ. ടി. സി. യുടെ യൂണിറ്റ് സബ് സ്റ്റേഷനായി അംഗീകരിച്ചിട്ടില്ല. അവിടെ കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേറ്റിംഗ് സെൻററായിട്ടാണ് 1981 ജനുവരി 28–ാം തീയതി മുതൽ പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. മൂലമറ്റത്ത് ആകെ എട്ട് ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത്. അതിൽ അഞ്ചെണ്ണം ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും, ബാക്കിയുള്ളത് ഓർഡിനറി സർവ്വീസ്സുകളുമാണ്. ഒൻപത് ബസ്സുകൾ അവിടെ കൊടുത്തിട്ടുണ്ട്. ഏഴ് ബസ്സുകൾ സർവ്വീസ് നടക്കുന്നുണ്ട്. രണ്ടു ബസ്സുകൾക്ക് റിപ്പയർ വേണ്ടിയിരിക്കുകയാണ്. ഈ അടുത്തകാലത്ത് തങ്കമണിയിലുണ്ടായ അനിഷ്ട സംഭവങ്ങളെ തുടർന്ന് സ്വകാര്യ ബസ്സുകൾ ഓടാതെ വന്ന അവസരത്തിൽ മൂലമറ്റത്തുനിന്ന് തങ്കമണിയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിനും, യാത്രാക്ലേശം പരിഹരിക്കുന്നതിനും തിരുവനന്തപുരത്ത് നിന്ന് രണ്ടു ബസ്സുകൾ തിരുവനന്തപുരത്ത് സർവ്വീസ് നടത്തിയിരിക്കുന്ന റൂട്ടുകളിൽനിന്ന് താൽക്കാലികമായി നിർത്തിവച്ച് തങ്കമണിയിലെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്ത് അയച്ചു കൊടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജോസ് കുറ്റ്യാനി ആവശ്യപ്പെട്ടതനുസരിച്ചാണ് അങ്ങനെ ചെയ്തത്. അന്ന് ബസ് അയയ്ക്കുന്ന സമയത്തുണ്ടായിരുന്ന ഒരു അണ്ടർസ്റ്റാൻറിംഗ് ഒരാഴ്ചക്കാലം ആ ബസ് അവിടെ സർവ്വീസ് നടത്തണമെന്നാണ്. എന്നാൽ തങ്കമണിയുടെ സംഘർഷം ഒഴിവാകുകയും പ്രൈവറ്റ് ബസ്സുകൾ ഓടിത്തുടങ്ങുകയും ചെയ്തുപോയാൽ അതിൽ ഒരു സർവ്വീസ് പിൻവലിക്കുമെന്നും തങ്കമണിയിലേയ്ക്ക് നേരത്തേ ഉണ്ടായിരുന്ന–മുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കിടന്നിരുന്ന സർവ്വീസ് തുടരുകയും ചെയ്യുമെന്ന് പറഞ്ഞിരുന്നു. പിന്നീട് ബഹുമാനപ്പെട്ട മെമ്പർ രണ്ടു സർവ്വീസുകളും അവിടെ നിലനിർത്തണമെന്ന് എന്നോടുത്തു പറയുകയുണ്ടായി. പക്ഷേ ശബരിമല സീസൺ തുടങ്ങിയതോടുകൂടി കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വർദ്ധമാനമായ തോതിൽ ഭക്ത ജനങ്ങളുടെ തിരക്ക് വന്നു. അതു പോലെ നാം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ഭക്ത ജനങ്ങൾ വൈക്കത്തെ അഷ്ടമിക്ക് എത്തിച്ചേരുകയുണ്ടായി. വെട്ടുകാട് പള്ളിയിലെ പെരുന്നാളും, ഓച്ചിറ 12 വിളക്കും തുടങ്ങിയതുമൂലം അഭൂതപൂർവ്വമായ തിരക്കുകൾ വന്നപ്പോൾ പല സ്ഥലങ്ങളിൽനിന്നും ബസ്സുകൾ പൂരം ചെയ്തെടുത്ത് സ്പെഷ്യൽ സർവ്വീസുകൾ നടത്തേണ്ടി വന്നപ്പോഴാണ് നമ്മൾ തങ്കമണിയിലേക്ക് അയച്ച ബസ്സുകളിൽ ഒന്ന് ഗവൺമെന്റ് ഇതുപോലെ പൂരം ചെയ്ത് എടുത്ത അവസരത്തിൽ പിൻവലിക്കാൻ ഇടയായിവന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം പുനഃപരിശോധിക്കാൻ ഞാൻ തയ്യാറാണ്. സർ, ഇവിടെ ഒരു ഏക്കറും 26 സെന്റ് സ്ഥലമാണ് ഇപ്പോൾ ഓപ്പറേറിംഗ് സെന്ററിന്റെ പരിധിയിലുള്ളത്. ഇനി സബ് ഡിപ്പോയായി ഉയർത്തണമെന്നുണ്ടെങ്കിൽ 1½ ഏക്കർ സ്ഥലം കൂടി ആവശ്യമാണ്. അവിടെയുള്ള സ്ഥലം മുഴുവനും ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശത്തിലിരിക്കുകയാണ്. അപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശത്തിലിരിക്കുന്ന ഈ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി കെ. എസ്. ആർ. ടി. സി. എഴുത്തുകുത്തുകൾ നടത്തുകയുണ്ടായി. ഏറ്റവും ഒടുവിലായി ഇലക്ട്രിസിറ്റി ബോർഡ് കെ. എസ്. ആർ. ടി. സി. ക്ക് എഴുതിയിട്ടുള്ള കത്തിൽ 6/83—ലെ എസ്റ്റിമേറനുസരിച്ച് 2.2 ലക്ഷം രൂപ അവിടെയുള്ള സ്ഥലത്തിനും അതുപോലെതന്നെ അവിടെയുള്ള കെട്ടിടത്തിനും വേണ്ടി ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയിരിക്കുകയാണ്. ഒരു ബസ്സിന് രണ്ടു ലക്ഷത്തിലധികം ഉറുപ്പിക വിലയുള്ളപ്പോൾ നമുക്ക് ഒരു ബസ് വാങ്ങിക്കാൻ കഴിയും. പക്ഷേ ഇത്രയും രൂപ കൊടുത്തു കൊണ്ട് ഒരു കെ. എസ്. ആർ. ടി. സി. യെപ്പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിൽ, സ്ഥലം വാങ്ങിക്കണമോ, വേണ്ടയോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും മൂലമറ്റത്ത് പ്രശ്നങ്ങളുണ്ട്. അവിടെ ഇന്ന് നമ്മുടെ കൈവശം ഉള്ള ലൈലൻഡ് ബസ്സുകളും, അതുപോലെതന്നെ ബൻസ് ബസ്സുകളും ഈ ഹൈറേഞ്ചുകളിൽ സർവ്വീസ് നടത്തുകയെന്നുള്ളത് ദുഷ്ക്കരമായ ഒരു പ്രശ്നമാണ്. കഴിഞ്ഞ ദിവസം നടന്ന ചോദ്യോത്തര സമയത്ത് ഞാൻ ഈ സഭയിൽ നൽകിയ മറുപടിപോലെ തന്നെ ഞാൻ ആവർത്തിക്കുകയാണ്. ചെറിയ ഇനം ബസ്സുകൾ വാങ്ങിച്ച് മൂലമറ്റത്തുനിന്ന് ഹൈറേഞ്ചിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് നൽകുവാനും അതുപോലെതന്നെ നെടുമങ്ങാട് നിന്ന് പ്രൈമറി, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുവാനും വയനാട് ജില്ലയിലെ ഹൈറേഞ്ച് ഏരിയാകളിൽ സർവ്വീസ് നടത്തുവാനുമുള്ള ലക്ഷ്യമിട്ടുകൊണ്ടാണ് 35 സീറ്റർ ബസ്സുകൾ എന്ന നിലയിലുള്ള ചെറിയ ബസ്സുകൾ വാങ്ങിക്കാനുള്ള നടപടികളുമായി പോകുന്നത്. കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പരിമിതികൾ കാരണമാണ് പെട്ടന്ന് നടപടികൾ സ്വീകരിക്കാൻ കഴിയാത്തത്. ഇതിനെ സംബന്ധിച്ച് ഐ. ഡി. ബി. ഐ. യുമായിട്ടും, അതുപോലെതന്നെ ഈ ചെറിയ വാഹനം തരാമെന്ന് പറഞ്ഞിട്ടുള്ള സ്ഥാപനവുമായും ചർച്ചകൾ നടത്തി അതിന്റെ ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനെന്നുള്ള നിലയിൽ കാനറാ ബാങ്കുമായും ചർച്ചകൾ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുണ്ട്. അന്തിമമായ ഒരു തീരുമാനത്തിലേയ്ക്ക് എത്തുവാൻ കഴിഞ്ഞിട്ടില്ല. വളരെ പെട്ടെന്ന് ഒരു തീരുമാനമെടുക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മൂലമറ്റം ഓപ്പറേറ്റിംഗ് സെൻറർ സബ് ഡിപ്പോയാക്കുന്നതിന് അതിയായ താൽപ്പര്യമാണ് ഈ ഗവൺമെൻറിനുള്ളത്. അതോടൊപ്പംതന്നെ മൂലമറ്റത്തുനിന്ന് വേളാങ്കണ്ണിയിലേയ്ക്ക് കരാറുണ്ടാക്കിയ ട്രെൻറേഴ്സ് റേറ്റ് സർവ്വീസ് സുണ്ടായിരുന്നു. പക്ഷേ അത് ഇപ്പോൾ തൊടുപുഴയിൽനിന്നാണ് ഓപ്പറേറ് ചെയ്യുന്നത്. കേരള സംസ്ഥാനവും, തമിഴ്നാട് സംസ്ഥാനവും തമ്മിൽ ട്രെൻറേഴ്സ് റേറ്റ് സർവ്വീസ് നടത്തുന്നതിന് റെസിപ്രോക്കൽ എഗ്രിമെൻറുണ്ട്. എത്ര കി. മീറ്റർ ദൂരം നമ്മുടെ വണ്ടികൾ ആ സ്റ്റേറ്റിൽ ഓടുന്നുവോ, അത്രയും കി. മീറ്റർ ദൂരത്തിൽ കേരള സംസ്ഥാനത്തിന് അകത്ത് തമിഴ്നാടിൻെറ ബസ്സുകൾ ഓടുന്നതാണ്. തമിഴ്നാടിൻെറ ബസ്സ് ഓടുന്ന ഡിസ്റൻസ് കാൽക്കുലേറ് ചെയ്ത് വന്നപ്പോൾ നമ്മുടെ ബസ്സ് ഓടുന്നത് കൂടുതലാണെന്ന് മനസ്സിലാക്കിയാണ് ആ ഡിസ്റൻസ് അഡ്ജസ്റ് ചെയ്യുവാൻ പുതിയ ഒരു നോട്ടിഫിക്കേഷൻെറ അടിസ്ഥാനത്തിൽ മൂലമറ്റത്തിന് പകരം തൊടുപുഴയിൽനിന്ന് സർവ്വീസ് തുടങ്ങിയത്. അല്ലാതെ മന്ത്രിയെന്ന പരിഗണനയിലല്ല.

13. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തേൻപുഴ—ഇളങ്കാട് റോഡിൻെറ പണി

ശ്രീ. പി. സി. ജോർജ്: നമ്മുടെ പ്രിയങ്കരനായ ഉപമുഖ്യ മന്ത്രി നഫാസാഹിബ്ബിൻെറ പുണ്യ കരങ്ങളാൽ പണി ഉൽഘാടനം ചെയ്യപ്പെട്ട പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഒരു എം. എൽ. എ. റോഡാണ് തേൻപുഴ ഇളങ്കാട് റോഡ്. എൻെറ നിയോജകമണ്ഡലത്തിലുള്ള കൂട്ടിക്കൽ പഞ്ചായത്തിലുള്ള ഏക റോഡാണിത്. ടാറിട്ട ഒരു കി. മീറ്റർ റോഡ് പോലും ആ പഞ്ചായത്തിലില്ല. ബഹുമാനപ്പെട്ട നഫാ സാഹിബ്ബിന് അവിടെ ഉൽഘാടന കർമ്മം നിർവ്വഹിക്കാൻ വന്നപ്പോൾ അവിടത്തെ പഞ്ചായത്ത് പ്രസിഡൻറായ ഒരു മാർക്സിസ്റുകാരൻ പോലും ഇതിനെക്കുറിച്ച് വളരെ അഭിനന്ദിച്ച് സംസാരിക്കുകയുണ്ടായി. സർ, ഈ റോഡിൻെറ പണി തുടങ്ങുന്നതിനു മുൻപ് പതിനാറോളം ബസ്സുകളാണ് ഓടിക്കൊണ്ടിരുന്നത്. ബഹുമാന്യനായ നമ്മുടെ കോൺട്രാക്ടർ പണി തുടങ്ങി പകുതിയാക്കി ഇട്ടിട്ട് പോയിട്ട് കോൺട്രാക്ടറെ പിന്നെ കാണാനില്ല. ഈ സഭയിലെ ഒരംഗമായ ശ്രീ. ബെന്നി ബഹനാൻെറ സഹായം പോലും ആ കോൺട്രാക്ടറെക്കൊണ്ടുവന്ന് പണി ചെയ്യിക്കുന്നതിന് വേണ്ടി ഒരു ശ്രമം നടത്തി. ആ പണിയിലും എൻെറ ശ്രമം പരാജയപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ കോൺട്രാക്ടറെ കാണാനില്ല. ഇന്നത്തെ നിലയെന്താണെന്ന് ചോദിച്ചാൽ കൂട്ടിക്കലിൽവച്ച് ബസ് സർവ്വീസ് മുഴുവനും നിർത്തിക്കളഞ്ഞിരിക്കുകയാണ്. ഇളം കാട്ടിലേയ്ക്ക് ബസ് പോകുന്നില്ല. അതുകൊണ്ട് 5 കി. മീറ്റർ ദൂരത്തിലുള്ള ആളുകൾ മുഴുവൻ എന്നെ ആ റോഡിലൂടെ കയറി വിടാത്ത സാഹചര്യമാണുള്ളത്. നമുക്കെല്ലാവർക്കുമറിയാം തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ ആ റോഡ് ഒന്ന് പണിതില്ലെങ്കിൽ എന്തെങ്കിലും ഒരു മെയിൻറനൻസ് നടത്തി ആ ബസ് സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചാൽ മാത്രമേ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറിലെ ഒരു എം. എൽ. എ. ആയ ഞാൻ ആ പ്രദേശത്തേയ്ക്ക് കടന്നു ചെല്ലുകയുള്ളൂ എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. റോഡിൻെറ പണി തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly